ഉത്തരം

(എ, ബി, സി, ആന്റ് ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ആനുകൂല്യം നൽകുന്നതാണ്.

ശ്രീകൃഷ്ണപുരത്ത് പോസ്റ്റുമെട്രിക് ഹോസ്റ്റൽ ആരംഭിക്കാൻ നടപടി

124 [281] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകൃഷ്ണപുരത്തെ എൻജിനീയറിംഗ് കോളേജ്, വി.ടി.ബി. കോളേജ്, ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി കുട്ടികൾക്കുവേണ്ടി ശ്രീകൃഷ്ണപുരത്ത് ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കണമെന്ന ആവശ്യം സംബന്ധിച്ച് 16-7-2003-ൽ സ്ഥലം എം.എൽ.എ. സമർപ്പിച്ച നിവേദനത്തിൻമേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഹോസ്റ്റൽ ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്തിൽ ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്തി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ജില്ലാ പട്ടികജാതി വികസന ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സ്റ്റേഷനറി വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് നടപടി

125 [282] ശ്രീ. കെ. കെ. ഷാജു:
" ജോണി നെല്ലൂർ:
" ഷിബു ബേബിജോൺ:
" എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേഷനറി വകുപ്പ് പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ഉദ്ദേശമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly